പതിനാലാം കേരള നിയമസഭാ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 809 30-01-2019-ലെ മറുപടിക്ക്

## വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധി

ചോദ്യം

ശ്രീ.എ.എം.ആരിഫ്

ഉത്തരം

ശ്രീ.എ.കെ.ബാലൻ
ബഹു. പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്ക സമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി

| | |
|---|---|
| (എ) വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധി അടക്കമുള്ള തുക 4 ലക്ഷമാക്കി ഉയർത്തിയതായി ബഹു.മന്ത്രി ആലപ്പുഴയിൽ പ്രഖ്യാപിച്ചത് അനുസരിച്ചുള്ള നിയമഭേദഗതി ഓർഡിനൻസ് ഇറങ്ങിയോ, ഇല്ലെങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ; | വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധി തുക 4 ലക്ഷമാക്കി ഉയർത്തുന്നതടക്കമുള്ള നിയമ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടില്ല. അഡ്വക്കേറ്റ് ഗുമസ്തൻമാരുടെ പെൻഷനും വിരമിക്കൽ ആനുകൂല്യവും ഉയർത്തുന്നതിനായി ക്ഷേമനിധി യുടെ സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥചെയ്തു കൊണ്ടുള്ള ബിൽ,ബിൽ നമ്പർ 132 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) നിയമഭേദഗതി ഉടനെ നിയമസഭയിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | മേൽ പ്രസ്താവിച്ച ബില്ല് സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നത് സംബന്ധിച്ച തീരുമാനം നിയമസഭയുടെ കാര്യോപദേശക സമിതിയാണ് കൈക്കൊള്ളേണ്ടത്. |
| (സി) അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പ്രകാരം അംഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ചികിൽസാ സഹായ സൗകര്യങ്ങൾ അവസാനമായി വിതരണം ചെയ്തത് എന്നാണ് ; | 30/11/2017 വരെയുള്ള ചികിൽസാ സഹായ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 30/11/2017 ന് ശേഷമുള്ള മൂന്ന് മാസം ലഭ്യമായ അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 17/01/2019-ൽ കൂടിയ ക്ഷേമനിധി കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതുമാണ്. |

| | |
|---|---|
| (ഡി) ക്ഷേമനിധി ഓഫീസിൽ ഈ കാര്യങ്ങൾ ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ അഭാവം നിമിത്തം ഒരു വർഷത്തിലേറെയായി ഈ സൗകര്യം നൽകാനാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ചികിൽസാ ആനുകൂല്യ വിതരണം തടസ്സപെട്ടിട്ട് ഒരു വർഷക്കാലമായിട്ടില്ല. ഈ ജോലികൾ കൈകാര്യം ചെയ്തിരുന്ന അക്കൗണ്ടന്റ് മറ്റൊരു നിയമനം ലഭിച്ചതിനെ തുടർന്ന് 26/09/2018 ന് വിടുതൽ ചെയ്ത് പോയതു കൊണ്ടാണ് ഇപ്രകാരം കാലതാമസം നേരിട്ടത്. |
| (ഇ) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | അക്കൗണ്ടന്റിന്റെ ഒഴിവുള്ള തസ്തികയിലേക്ക് ഇതിനകം തന്നെ ദിവസവേതനാടിസ്ഥാനത്തിൽ ഒരാളിനെ നിയമിച്ചിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.